# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

എൻ.എസ്.എസ്.കെ.പി.ടി.വി.എച്ച്.എസ്.എസ്
ഒറ്റപ്പാലം

# ആമുഖം

പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം നഗരത്തിലാണ് എൻഎസ്എസ് എച്ച് എസ് സ്ഥിതി ചെയ്യുന്നത്. പാഠ്യ പാഠ്യേതര രംഗത്ത് വളരെയധികം മുന്നിൽ നിൽക്കുന്ന ഒരു വിദ്യാലയമാണ് ഞങ്ങളുടേത്. എസ്എസ്എൽസി പരീക്ഷയിൽ തുടർച്ചയായി 100% വിജയം നേടിയ സ്കൂൾ ആണിത്. സംസ്ഥാന തലത്തിൽ കലാകായിക രംഗങ്ങളിൽ മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചു എന്നത് എടുത്തു പറയേണ്ട കാര്യമാണ്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കി കൊണ്ട് അക്കാദമികരംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻസ്കൂളിന്കഴിഞ്ഞിട്ടുണ്ട്. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (inclusive education) പ്രാവർത്തികമാക്കാ നായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികൾക്കായി യോഗ, കരാട്ടെ, അബാക്കസ്, ഫുട്ബോൾ പരിശീലനം,----ഇതിലൂടെ ആത്മധൈര്യം വർദ്ധിപ്പിക്കാനും സ്വയം പ്രതിരോധത്തിനും സാധിക്കുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ .

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു.

ഓരോ വർഷവും വിദ്യാർഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിൻറെ അക്കാദമി നിലവാരത്തിനുള്ള പൊതുസമൂഹത്തിൽ അംഗീകാരമാണ്. ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനങ്ങളും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായഎന്താണോഎന്താണോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങൾ ആയി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

# വിദ്യാലയ ചരിത്രം

വള്ളുവനാടിന്റെ മണ്ണിൽ ഒറ്റപ്പാലം നഗരത്തിന്റെ ഹൃദയഭാഗത്ത് പ്രൗഢിയോടെ നിലകൊള്ളുന്ന എൻ എസ് എസ് എസ് കെ പി ടി, ഒറ്റപ്പാലം എന്ന ഈ വിദ്യാലയം മുത്തശ്ശിയുടെ പ്രായം 123 ആണ്. വള്ളുവനാടിന്റെ പൗരപ്രമാണിയായിരുന്ന ശ്രീ കുതിരവട്ടത്ത് പ്രഭാകരൻ തമ്പാൻ 1902-ൽ സ്ഥാപിച്ചതാണ് ഈ വിദ്യാലയം.

പിന്നീട് എൻഎസ്എസ് മാനേജ്മെന്റിന് കൈമാറി. പ്രസിദ്ധമായ ചെനക്കത്തൂർ പൂരത്തിന്റെ തട്ടകം കൂടിയാണ് ഈ വിദ്യാലയം. ഇന്ത്യയിലും വിദേശത്തുമായി വ്യത്യസ്ത മണ്ഡലങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഒരുപാട് പ്രമുഖരെ സംഭാവന ചെയ്യാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

ഒരർത്ഥത്തിൽ ഈ നാടിൻറെ ഗൃഹാതുരതയാണ് ഈ സ്കൂൾ. ആകെ കൂടി ഒരു വലിയ കൂട്ടുകുടുംബത്തിന്റെ ഫലവും കെട്ടുറപ്പുമാണ് ഈ വിദ്യാലയത്തിന് ഉള്ളത്.

# ഉള്ളടക്കം


- അടിസ്ഥാന വിവരങ്ങൾ
- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘു ചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട
- പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ- ഒറ്റനോട്ടത്തിൽ
- പദ്ധതി വിശദാംശങ്ങൾ
  (മേഖല, ഉപ മേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
- പ്രൈമറി മുതൽ ഹൈസ്കൂൾ വരെ വിവിധ ക്ലാസുകളിൽ ആയി പഠിതാക്കൾ ഉണ്ട് .. എസ് എസ് . എൽ. സി. പരീക്ഷയിൽ തുടർച്ചയായി 100% വിജയം നേടാൻ സാധിച്ചിട്ടുണ്ട
- യു. എസ് . എസ് . പൊതുപരീക്ഷയിലും ഉന്നത വിജയം കൈവരിക്കാൻ സാധിച്ചു. രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ സാന്നിധ്യമ അറിയിച്ച നിരവധിപേർ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികൾ ആണ്

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1. മോചനം അരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2. പാഠ്യപാഠേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

3. മാനവികത,, സ്നേഹം, കരുണ, വ്യക്തി ശുചിത്വം, സാമൂഹ്യ ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ.

4. സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പിക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

5. ലോകത്തെവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലെയും കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പാക്കൽ.

# പദ്ധതി രൂപീകരണ പ്രക്രിയ

- എസ് . ആർ. ജി., യോഗം, സ്റ്റാഫിയോഗം, പി. ടി. എ. യോഗം എന്നിവയിലൂടെ അക്കാദമിക് മാസ്റ്റർ പ്ലാൻ കാഴ്ചപ്പാട അവതരിപ്പിക്കലും ചർച്ചയും.

- അക്കാദമിക ആവശ്യങ്ങൾക്ക് ക്ലാസ് / വിഷയം അടിസ്ഥാനത്തിൽ പദ്ധതി, ലക്ഷ്യം, പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി എന്നിവ നിശ്ചയിക്കൽ.

- കരട് രൂപരേഖ SRG, SMC, PTA, MPTA, Staff council എന്നിവർക്ക മുമ്പിൽ അവതരിപ്പിക്കൽ.

- സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ ക്രോഡീകൃത മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ – ഒറ്റനോട്ടത്തിൽ

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്ര പോഷണ പരിപാടി
- പ്രതിഭാ പോഷണ പരിപാടി
- വായനാ പരിപോഷണം
- ലാബർററ്ററി ആധുനികവത്കരിക്കൽ
- നാടക കളരി
- ജൈവവൈവിധ്യം
- സാഹിത്യ പോഷണ പരിപാടികൾ
- പഠനയാത്രകൾ
- സെമിനാറുകൾ
- കലാകായിക മേള
- ഐ. ടി പരിശീലനം
- അധ്യാപക ശാക്തീകരണ പരിപാടികൾ
- ക്ലാസ്സ് . പി. ടി. എ. സജീവമാക്കൽ
- സ്കൂൾ പത്രം / മാസിക
- പ്രവർത്തി പരിചയ പഠനം
- എസ് . ആർ. ജി. ശാക്തീകരണം
- ശാസ്ത്ര അഭിരുചി വളർത്തൽ
- പച്ചക്കറിത്തോട്ടം
- അഭിമുഖങ്ങൾ
- മെഡിക്കൽ ക്യാമ്പ
- പോഷകാഹാര പരിപാടി

- ഗണിത ലാബ് , ഗണിതാന്തരീക്ഷം ഒരുക്കൽ
- ഭാഷ ലാബ
- ബ്ലോഗ
- മൂല്യനിർണയം,. നിരന്തര വിലയിരുത്തൽ
- ദിനാചരണം
- കായിക പഠനം
- ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ
- ഫിലിം ക്ലബ്ബ്
- ലിറ്റിൽ കൈറ്റ്സ്
- എൻ.സി.സി
- ജെ.ർ.സി
- NSS (നാഷണൽ സർവീസ് സ്കീം)
- കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെൽ
- വൈ ഐ പി
- വിമുക്തി ക്ലബ്ബ് രൂപീകരണം

## CWSN

എൻഎസ്എസ് കെ പി ടി സ്കൂളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി എല്ലാ ദിവസവും അധ്യാപകർ പ്രത്യേകം ക്ലാസ്സുകൾ എടുത്തു കൊടുക്കുവാൻ തീരുമാനിച്ചു ചാർട്ടുകൾ ചിത്രങ്ങൾ സഹിതം ഉള്ള അക്ഷരമാല ഇവകൾ പ്രദർശിപ്പിക്കുകയും അക്ഷരങ്ങളും അംഗങ്ങളും കണ്ടു മനസ്സിലാക്കാനും ഇതുവഴി സാധിക്കുന്നു ഐസിടി ഉപയോഗിച്ച് സ്ലൈഡുകൾ സിനിമ ഡോക്യുമെൻററി എന്നിവ കാണിച്ച് കൂടുതൽ വേഗത്തിൽ കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുവാൻ ശ്രമിക്കുന്നു.

# എൻ.എസ്.എസ്.കെ.പി.ടി.വി.എച്ച്.എസ്.എസ് ഒറ്റപ്പാലം
# അടിസ്ഥാന വിവരങ്ങൾ

- ✔ വിദ്യാലയത്തിന്റെ പേര് : എൻ.എസ്.എസ്.കെ.പി.ടി.വി.എച്ച്.എസ്.എസ് ഒറ്റപ്പാലം
- ✔ വിലാസം : ഒറ്റപ്പാലം. പി. ഓ.679102
- ✔ ഫോൺ :
- ✔ ഇ-മെയിൽ : hmnsskptvhss@gmail.com
- ✔ ബ്ലോഗ് :
- ✔ സ്കൂൾ കോഡ് : 20027
- ✔ വിദ്യാഭ്യാസ ഉപജില്ല : ഒറ്റപ്പാലം
- ✔ വിദ്യാഭ്യാസ ജില്ല : പാലക്കാട
- ✔ റവന്യൂ ജില്ല : പാലക്കാട
- ✔ ബി. ആർ. സി. : ഒറ്റപ്പാലം
- ✔ മുൻസിപ്പാലിറ്റി : ഒറ്റപ്പാലം
- ✔ സി. ആർ. സി : ഒറ്റപ്പാലം
- ✔ ബ്ലോക്ക് പഞ്ചായത്ത് : ഒറ്റപ്പാലം
- ✔ ജില്ലാ പഞ്ചായത്ത് : പാലക്കാട
- ✔ നിയമസഭാ മണ്ഡലം : ഒറ്റപ്പാലം
- ✔ ലോക്സഭാ മണ്ഡലം : പാലക്കാട
- ✔ താലൂക്ക് : ഒറ്റപ്പാലം
- ✔ വില്ലേജ് : ഒറ്റപ്പാലം

മേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്<br>ഇംഗ്ലീഷ് ലൈബ്രറി നവീകരണം<br>ഇംഗ്ലീഷ് കോർണർ<br>സ്റ്റോറി ടൈം<br>ഇംഗ്ലീഷ് കാർട്ടൂൺ പ്രദർശനം<br>ഇംഗ്ലീഷ് അസംബ്ലി | അവധിക്കാലം<br>ശനിയാഴ്ചകൾ | പിടിഎ, ടീച്ചേഴ്സ് | പിടിഎ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | സിനിമ &ഡോക്യുമെന്ററി - പ്രൊഫൈൽ & സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിന വേണ്ടി ഇംഗ്ലീഷ് സിനിമയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു.<br><br>റോൾപ്ലേ, ഇംഗ്ലീഷ് ഡേ ആചരണം, സെമിനാർ ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുപ്പ്<br>കോറിയോഗ്രാഫി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br><br>അക്കാദമിക വർഷം | ടീച്ചേഴ്സ്, എസ്. ആർ ജി<br><br>ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് , മാനേജമെന്റ്<br><br>പിടിഎ, ഇംഗ്ലീഷ് ക്ലബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക | സ്കൂൾ ഇംഗ്ലീഷ് വോയിസ്, അക്ഷര കാർഡ്, പദ കാർഡ്, വാക്യ നിർമ്മാണത്തിനുള്ള | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊ | പിടിഎ, എസ് ആർ ജി, | ഇംഗ്ലീഷ് ക്ലബ് |

| | | | | |
|---|---|---|---|---|
| സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | കാർഡുകൾ<br><br>ചിത്ര വായന, ലഘു കഥ നിർമ്മാണം, പബ്ലിക് സ്പീക്കിംഗ്, സിമ്പിൾ ഗെയിംസ്, ഇംഗ്ലീഷ് പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, ന്യൂസ് റീഡിങ് കോമ്പറ്റീഷൻസ് | ഷം<br><br>ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | ടീച്ചേഴ്സ്<br><br>പിടിഎ, ടീച്ചേഴ്സ് | |
| 4) നാടകീകരണം | ഇംഗ്ലീഷ് അസംബ്ലി, സ്കിറ്റ്, പപ്പറ്റ് ഷോ, ഇംഗ്ലീഷ് ലാബ്<br><br>പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി പപ്പറ്റ് ഷോ, സ്കിറ്റ്, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങൾ<br><br>ശനിയാഴ്ചകൾ,ക്യാമ്പ് | പിടിഎ, എസ് ആർ ജി, ടീച്ചേഴ്സ്<br><br>ഇംഗ്ലീഷ് ക്ലബ്ബ് | പിടിഎ<br><br>രക്ഷിതാക്കൾ |
| 5)കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം.<br><br>കവിതാരചന ആലാപന മത്സരങ്ങൾ നടത്തുന്നു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.<br><br>പ്രശസ്ത കവികളുമായുള്ള ആശയവിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു. ബുക്ക് റിവ്യൂസ് രചനകളുടെ പ്രദർശനം | ക്ലാസ് പ്രവർത്തനങ്ങൾ വെക്കേഷൻ, ശനിയാഴ്ചകൾ<br><br>വർഷത്തിൽ രണ്ട് പ്രാവശ്യം | ടീച്ചേഴ്സ്, പിടിഎ,എസ്ആർ ജി<br><br>ടീച്ചേഴ്സ്,പിടിഎ,എസ് ആർ ജി<br><br>ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്<br><br>ഇംഗ്ലീഷ് ക്ലബ്<br><br>പിടിഎ, മാനേജ്മെന്റ് |
| 6) സാങ്കേതിക | പ്രശസ്ത എഴുത്തുകാർ | വെക്കേഷ | ടീച്ചേഴ്സ്, | പിടിഎ, |

| | | | | |
|---|---|---|---|---|
| വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | നിരൂപകർ വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു.<br><br>ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് ഫിലിം കാണാനുള്ള അവസരം. | ൻ( ഓണം ക്രിസ്മസ്)<br><br>അക്കാദമിക വർഷത്തിൽ ഒന്ന് | പിടിഎ,സർ ജി<br><br>ഇംഗ്ലീഷ് ക്ലബ് | എസ്ആർജി,മാനേജ്മെന്റ് |
| 7) സംവാദ സദസ്സുകൾ സംഘടിപ്പിക്കുക | നേറ്റീവ് സ്പീക്കർസ് മൊത്ത് സമയം ചിലവാക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു<br><br>ഇപ്പോൾ ജീവിച്ചിരിക്കുന്ന ഇംഗ്ലീഷ് റൈറ്റേഴ്സ പോയറ്റ്സുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു | ശനിയാഴ്ചകൾ/ വെക്കേഷൻ<br><br>അക്കാദമിക വർഷം രണ്ട തവണ | ടീച്ചേഴ്സ്, പിടിഎ,സർജി | പിടിഎ, ഇംഗ്ലീഷ് ക്ലബ്ബ് |

മേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. വാക്കുകൾ എഴുതിയ കാർഡ്<br>5. അക്ഷരക്കാർഡ് നൽകൽ | 2 മാസം( ആഗസ്റ്റ്, സെപ്റ്റംബർ) | പിടിഎ, അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | 6 വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം- കഥയെഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | | | |
| 2. കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ.<br>3. സമീപ ഗ്രന്ഥശാല അംഗത്വം.<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായന കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരു മായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദകരമായ വായന<br>14. ഇ- വായന | 6 മാസം | പിടിഎ, അധ്യാപകർ | |
| 3. കുട്ടിയെ മികച്എഴുത്തുകാരൻ ആക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം.<br>2. പുസ്തക ചർച്ച<br>3. വായനാക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ | 6 മാസം | പിടിഎ, അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | 5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന സംഘ രചന<br>8. ഭാഷാ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം സംവാദം<br>10. സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി | | | |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക | 6 മാസം( ജൂലൈ-ഡിസംബർ ) | ട്രെയിനർ, അധ്യാപകർ | |

മേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)ഹിന്ദി തിരിച്ചറിയൽ കാർഡ് | അഞ്ചാം ക്ലാസ്സ്കുട്ടികൾക്കും പേര് , സ്കൂൾ, ക്ലാസ്സ് വിലാസം ഉൾപെടുത്തിയ കാർഡ് (ഹിന്ദി പഠനത്തിനു | JUNE-JULY 2025 | ഹിന്ദി അധ്യാപകൻ/ഹിന്ദി ക്ലബ് | 1000/- |

| | | | | |
|---|---|---|---|---|
| | മാത്രം) | | | |
| 2)ഹഫ്തെ കാ ശബ്ദ് (ആഴ്ച്ചയിലെ വാക്ക് ) | ഓരാആഴ്ചയും ഓരാ പുതിയ വാക്ക് (കേന്ദ്രസർക്കാർ ഓഫീസുകളിൽ ഉപയാഗിക്കുന്ന വാക്കുകൾ)കുട്ടികളെ പരിചയപെടുത്തുന്നു | ജൂൺ 2025 മുത ൽ | ഹിന്ദി അധ്യാപ കൻ / ഹിന്ദിക്ലബ് | |
| 3)ഹിന്ദി ക്ലാസ്സ് ലൈബ്രറി | ഓരാ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി നിർമ്മാണം ഓരാക്ലാസ്സിന്റെയും നിലവാരമനുസരിച്ച് പുസ്തകങ്ങൾ ശേഖരിക്കുന്നു വായന ഉറപ്പാക്കുന്നു.കുറിപ്പുൾ എഴുതിക്കുന്നു. | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപ കൻ/ഹിന്ദി ക്ലബ് പി.ടി.എ ഫണ്ട്സംഭാ വ നകൾ. | 10000/- |
| 4)ഹിന്ദി DIGITAL ലൈബ്രറി | വയനാസമാഗ്രികളുടെ ഡിജിറ്റൽ resources മുതൽ ലൈബ്രറി പി ഡി എഫ് വീഡിയാസ് ,,ചിത്രങ്ങൾ, വയനാസമാഗ്രികൾ എന്നിവശേഖരിക്കുന്നു. ഇ-വായന പ്രാത്സാഹിപ്പിക്കുന്നു. | JULY 2025 മുതൽ | ഹിന്ദി അധ്യാപ കൻ/ഹിന്ദി ക്ലബ് | 2000/- |
| 5)ഹിന്ദിക്ലബ് പ്രവർത്തനം കാര്യക്ഷമമാക്കൽ | സ്കൂൾ തുറക്കുന്ന ആഴ്ച ക്ലബ് രൂപികരിക്കുന്നു. പ്രവർത്തന പദ്ധതി തയാറാക്കുന്നു. | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപ കൻ/ഹിന്ദി ക്ലബ് | 1000/- |
| 6)ഐ.സി.ടി ഉപയാഗം കൂടുതൽ കാര്യക്ഷമമായി ഉപയാഗിക്കൽ | പാഠഭാഗങ്ങ.ൾ ഐ.സി. ടി സഹായത്താടെ ലളിതമാക്കുന്നു. പ്രധാനപ്പെട്ടവ ppt തയ്യാറാക്കി അവതരിപ്പിക്കുന്നു. | ജൂൺ 2025 മുത ൽ | ഹിന്ദി അധ്യാപ കൻ /ഹിന്ദി ക്ലബ് | 4000/- |
| 7)ഹിന്ദി പ്രദർശന നബോർഡ് | ഹിന്ദി പ്രദർശന ബോർഡ് തയ്യാറാക്കി വയ്ക്കുന്നു | ജൂൺ 2025 മുതൽ | ഹിന്ദിഅധ്യ ാപകൻ/ ഹിന്ദി | 1000/- |

| | | | | |
|---|---|---|---|---|
| | | | ക്ലബ് | |
| 8)ദിനാചരണങ്ങൾ | ദിനാചരണങ്ങൾഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്ലാസ്സ് റൂംപ്രവർത്തനങ്ങ ളുമായിബന്ധിപ്പിച്ചുകൊണ്ട് നടത്തുന്നു | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപർ ഹിന്ദിക്ലബ് | …….. |
| 9)ഹിന്ദി പത്രം, ഇ-പേപ്പർ ലഭ്യമാക്കൽ | ഹിന്ദി പത്രങ്ങൾ നെറ്റ് നിന്നും ഇ –പേപ്പർ പ്രിന്റ് എടുത്തു വായനക്ക് അവസരം നൽ കുക..ഓരാ ആഴ്ചയും വ്യത്യസ്തമായ പത്രങ്ങ.ൾ പരി>യപെടുത്തുന്നു, | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപ കൻ / ഹിന്ദി ക്ലബ് | 1000/- |
| 10)ഹിന്ദി പ്രശ്നാത്തരി ( ആഴ്ചയിൽ ഒന്ന്) ONLINE &OFFLINE | എല്ലാ വെള്ളിയാഴ്ചയും ഹിന്ദി സാഹിത്യം, പാതുവിജ്ഞാനം അടിസ്ഥാനമാക്കി ഹിന്ദി ക്വിസ് നടത്തി വിജയികൾക്ക് ഹിന്ദി അസെംബ്ലിയിൽ സമ്മാനം നൽ കുന്നു. | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപ കൻ ,ഹിന്ദി ക്ലബ് | ……… |
| 11)ഹന്ദി ഫിലിം ക്ലബ് | ഹിന്ദി ഫിലിം ക്ലബ് രൂപികരിക്കുന്നു. ഓരാ മാസവും കുട്ടികളുമായി ബന്ധപ്പെട്ട ഓരാ ഫിലിം എല്ലാ കുട്ടികൾക്കും കാണാൻ പഠനസമയം നഷ്ടപെടുത്താതെ അവസരം നൽകുന്നു, കുട്ടികൾക്കുള്ള കാർട്ടൂൺ ഫിലിംസ് ഒഴിവുസമയത്തപ്രയാജന പ്പെടുത്തുന്നു | ഒക്ടാബർ 2025 മുതൽ | ഹിന്ദി അധ്യാപ കൻ ,ഹിന്ദി ക്ലബ് | 1000/- |
| 12)ഹിന്ദി | ഓരാ കുട്ടിയുടെയും ഹിന്ദി | ജൂൺ 2025 | ഹിന്ദി | |

| | | | | |
|---|---|---|---|---|
| നോട്ടുപുസ്തകം സമഗ്രവും ആകർഷകവുമാക്കുക. | നോട്ടു പുസ്തകം സമഗ്രവും മുതൽ ആകർഷകവുമാക്കുന്നു, രക്ഷിതാക്കളെ ഇതിനായി കുട്ടികളെ സഹായിക്കുവാൻ അറിയിക്കുകയും ചെയ്യുന്നു . | മുതൽ | അധ്യാപകൻ /ഹിന്ദി ക്ലബ് രക്ഷിതാക്കൾ | |
| 13)ഹിന്ദി നാടകം, സ്കിറ്റ്, റാൾ പ്ലേ ,കൊറിയോഗ്രാഫി | പാഠഭാഗങ്ങ.ൾ വിവിധയിനം രൂപങ്ങളിൽ അവതരിപ്പിക്കുന്നു എല്ലാ കുട്ടികളുടെയും മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന | സെപ്റ്റംബർ 2025 മുതൽ | ഹിന്ദി അധ്യാപകൻ ,ഹിന്ദി ക്ലബ് | |
| 14)ഹിന്ദി കൈയ്യെഴുത്ത് മാസിക | ജൂൺ മാസം മുതൽ തയ്യാറാക്കുന്ന കുട്ടികളുടെ ഉൽപ്പന്നങ്ങൾ ജനുവരി മാസത്തിൽ ഒരു മികച്ച കൈയ്യെഴുത്ത്മാസിക യായി പാതുവേദിയിൽ പ്രകാശനം കൊയ്യുന്നു, | OCTOBER 2025 മുതൽ ഫെബ്രുവരി 2026 വരെ | ഹിന്ദി അധ്യാപകൻ /ഹിന്ദി ക്ലബ് എസ് ആർ ജി | |

മേഖല : സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനു | ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു . | ജൂൺമാസം മുതൽ ഫെബ്രുവരി വരെ | അധ്യാപകൻ | അധ്യാപകൻ സംസ്കൃതം ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| മുള്ള ശേഷിവികസിപ്പിക്ക ുക | | | | |
| 2) അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക ഹൈസ്കൂളിൽ പാഠഭാഗങ്ങൾക്ക് ഒപ്പം ലകാരപരിചയം വിഭക്തി പരിചയം എന്നിവ ഉറപ്പിക്കുക | സിദ്ധരൂപാവലി വിഭക്തിവല്ലരി നിഘണ്ടു എന്നിവ ഉപയോഗിച്ച് ലകാരങ്ങളും പദങ്ങളും വിഭക്തികളും കണ്ടെത്തുന്നു | ജൂൺമാസം മുതൽ ഫെബ്രുവരി വരെ | അധ്യാപക ൻ | അധ്യാപ കൻ സംസ്കൃതം ക്ലബ്ബ് |
| 3)എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായ ി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുക | സംസ്കൃത പുസ്തകങ്ങൾ കഥകൾ കവിതകൾ മുതലായവ വായിപ്പിക്കുക തെറ്റുകൾ തിരുത്തി നൽകുക | ജൂൺമാസം മുതൽ ഫെബ്രുവരി വരെ | അധ്യാപക ൻ | അധ്യാപ കൻ സംസ്കൃ തം ക്ലബ്ബ് |
| 4) കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതു മായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ അറിയുക | സംസ്കൃത സംഭാഷണ പരിശീലനം സംസ്കൃത പ്രദർശിനി എന്നിവ നടത്തി പരിശീലിപ്പിക്കുക സംസ്കൃത ദിന ആചരണം അസംബ്ലി എന്നിവ സംഘടിപ്പിക്കുക | സെപ്റ്റംബ ർ | അധ്യാപക ൻ | അധ്യാപ കൻ സംസ്കൃ തം ക്ലബ്ബ് |
| 5) ആശയങ്ങൾ തെറ്റ കൂടാതെ പ്രകടിപ്പിക്കുവാനും സർഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം നൽകുക | ഒഴിവുസമയത്ത് പ്രത്യേക ക്ലാസ്സ് വായനാമൂല പദപ്പയറ്റ് നിഘണ്ടു നിർമ്മാണം വിനാചരണങ്ങളിൽ പോസ്റ്റർ നിർമ്മിക്കുക ചെറുകഥകൾ കവിതകൾ എഴുതി അവതരിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ | ജൂലൈ മുതൽ ഡിസംബർ വരെ | അധ്യാപക ൻ | അധ്യാപ കൻ സംസ്കൃ തം ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| 6) സംസ്കൃതം ഭാഷയിലെ അറിവുകൾ പൊതുസമൂഹത്തെ കൂടി അറിയിക്കുക | സാധാരണ ജനങ്ങൾക്കും സംസ്കൃത ഭാഷ പഠിക്കുവാനും പറയുവാനും സാധ്യമാവുക എന്ന സാമൂഹിക ഉദ്ദേശം ഉണ്ടാക്കിയെടുക്കുക | ജൂലൈ മുതൽ ഡിസംബർ വരെ | അധ്യാപകൻ | അധ്യാപകൻ സംസ്കൃതം ക്ലബ്ബ് |
| 7) സാഹിത്യ അഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ ചെയ്യുക | വിവിധ സാഹിത്യ ശാഖകളെ പരിചയപ്പെടുത്തൽ കഥ കവിത സുഭാഷിതങ്ങൾ മഹത്ചരിതങ്ങൾ എന്നിവ ശേഖരിച്ച് പതിപ്പ് തയ്യാറാക്കൽ | ഒക്ടോബർ മുതൽ ഡിസംബർ വരെ | അധ്യാപകൻ | അധ്യാപകൻ സംസ്കൃതം ക്ലബ്ബ് |
| 8)യുപി ക്കും ഹൈസ്കൂളിനും ഭാഷാ ലാബ് | വിവിധ സാഹിത്യങ്ങൾ കലാരൂപങ്ങൾ അവയിലെ സംസ്കൃത സ്വാധീനം എന്നിവ മനസ്സിലാക്കുക | ജനുവരി | അധ്യാപകൻ | അധ്യാപകൻ സംസ്കൃതം ക്ലബ്ബ് |
| 9) പരീക്ഷയ്ക്ക് വേണ്ടിയുള്ള തയ്യാറെടുപ്പ് റിവിഷൻ | പാഠഭാഗങ്ങളിലുള്ള സംശയങ്ങളെ പൂർണമായും നീക്കി ചോദ്യാവലികൾ തയ്യാറാക്കി പരീക്ഷയ്ക്ക് സജ്ജരാക്കുക | ഫെബ്രുവരി മാർച്ച് | അധ്യാപകൻ | അധ്യാപകൻ സംസ്കൃതം ക്ലബ്ബ് |

മേഖല : ഉർദു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1)ഭാഷ കേൾക്കൽ, ആസ്വദിക്കൽ | ഡിജിറ്റൽ ലൈബ്രറിയുടെ സഹായത്തോടെ കഥ, കവിത, ഗസൽ, സംഭാഷണ ക്ലിപ്പുകൾ കേൾപ്പിക്കൽ, | മാസത്തിൽ ഒരു പിര്യേഡ് | സബ്ജക്ട് കൗൺസിൽ, ഉർദു ക്ലബ്ബ് പ്രവർത്തകർ | 500 |

| | | | | |
|---|---|---|---|---|
| 2)വായന | എട്ടാം തരം കഴിഞ്ഞ് പുറത്തിങ്ങുന്ന എല്ലാകുട്ടികൾക്കും ഉർദു ഒഴുക്കോടെ വായിക്കാൻ കഴിയും എന്ന് ഉറപ്പാക്കൽ<br>വായന മത്സരങ്ങൾ നടത്തൽ<br>ബാല മാസികകൾ, ഉർദു പത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വർഷം | സബ്ജക്ട് കൗൺസിൽ | 1000 |
| 3)ഭംഗിയുള്ള കൈ എഴുത്ത് | * ഉർദുവിൽ മികച്ചതും ഭംഗിയുള്ളയുമായ കൈ എഴുത്ത് എന്ന ലക്ഷ്യ പൂർത്തീകരണത്തിന് വേണ്ടി പ്രത്യേക പരിശീലനം<br>* ക്ലാസ് കയ്യെഴുത്ത് മാസിക<br>*ചുമർ പത്രിക നിർമാണം<br>* വായന കാർഡ് നിർമാണം | എല്ലാ മാസവും<br><br>ടേം ൽ 1 വീതം | ക്ലാസ് തല റിസോഴ്സ് ഗ്രൂപ്പ്, | 500 |
| 4)ഉർദു ടൈപ്പിംഗ് | എട്ടാം തരം കഴിഞ്ഞ് പുറത്തിങ്ങുന്ന എല്ലാകുട്ടികൾക്കും ഉർദു ടൈപ്പിംഗിൽ പരിശീലനം നൽക്കൽ<br>പ്രിൻ്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ | ഒരു വർഷം | സബ്ജക്ട് കൗൺസിൽ | 500 |
| 5)ഉർദു പത്രം | ക്ലാസ് തല വാർത്തകളും വിദ്യാലയ വാർത്തകളും ഉൾപ്പെടുത്തി ഡിജിറ്റൾ സുവനീർ തയ്യാറാക്കൽ | മാസത്തിൽ ഒരോന്ന് വീതം | ഉർദു ക്ലബ്ബ് | 500 |
| 6)ഉർദു പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ | പൊതുവായും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി നോട്ടീസ് ബോർഡിൽ | എല്ലാ മാസവും | ഉർദു ക്ലബ്ബ് | 300 |

| | | | | |
|---|---|---|---|---|
| | ഒരോ ആഴ്ചയിലും ചോദ്യങ്ങളും ഉത്തരങ്ങളും പ്രദർശിപ്പിക്കൽ, ഇതിലെ ചോദ്യങ്ങൾ ഉൾപ്പെടുത്തി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ | | | |
| 7)ഗസൽ & മുശാഇറ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും ഗസൽ പരിശീലനവും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക | ഏപ്രിൽ-മെയ് | എസ്.ആർ. ജി | 10000 |
| 8)സാഹിത്യ ക്യാമ്പ് | കുട്ടികളുടെ രചനാ പരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക | ഒക്ടോബർ മാസം | ഉർദു സബ്ജക്റ്റ് കൗൺസിൽ | 5000 |
| 9)നാടക പരിശീലനം | പാഠപുസ്തകത്തിലെ നാടകങ്ങളേയും കഥകളേയും അടിസ്ഥാനപ്പെട്ടുത്തി സ്ക്രിപ്റ്റ് തയ്യാറാക്കി കുട്ടികളിൽ അഭിനയ കഴിവ് പരിപോഷിപ്പിക്കും വിധം പരിശീലനം സംഘടിപ്പിക്കൽ | ഡിസംബർ | ഉർദു സബ്ജക്റ്റ് കൗൺസിൽ | 2000 |
| 10)ഉർദു പ്രസംഗ പരിശീലനം | കുട്ടികൾക്ക് സദസ്സിന് മുമ്പിൽ സംസാരിക്കാനുള്ള കഴിവ് പരിപോഷിപ്പിക്കുക എന്നലക്ഷ്യത്തോടെ പ്രസംഗത്തിൽ തല്പരരായ | വർഷം മുഴുവൻ | ഉർദു സബ്ജക്റ്റ് കൗൺസിൽ | 500 |

| | | | | |
|---|---|---|---|---|
| | കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുക .ഈ കുട്ടികളെ ഉപയോഗിച്ച് ദിനാചരണങ്ങളുമായും മറ്റും ബന്ധപ്പെട്ട് വിവിധ ക്ലാസുകളിലും സ്കൂൾ അസംബ്ലിയിലും പ്രസംഗിക്കാൻ അവസരം ഒരുക്കുക | | | |
| 11)ഉർദു ലൈബ്രറി ശാക്തീകരണം | ഉർദു കുട്ടികൾ പഠിക്കുന്ന ക്ലാസുകളിലെ ക്ലാസ് ലൈബ്രറിയിൽ പുസ്തകങ്ങൾ ശേഖരിച്ച് വായനയെ പരിപോഷിപ്പിക്കാൻ കുട്ടികൾക്ക് ലഭ്യമാക്കുക. കുട്ടികളുടേയും രക്ഷിതാക്കളുടേയും പിടിഎ യുടേയും സഹകരണത്തോടെ സ്കൂൾ തല ഉർദു ലൈബ്രറി സജ്ജീകരിക്കുക | 1 വർഷം | പി.ടി.എ, വിദ്യാർഥികൾ, ഉർദു സബ്ജക്റ്റ് കൗൺസിൽ | 5000 |
| 12)ഉർദു ഡിജിറ്റൽ ലൈബ്രറി | ഉർദു കവിത, ഗസലുകൾ, സംഘഗാനങ്ങൾ കാർട്ടൂൺ വീഡിയോ , സംഭാഷണ, വീഡിയോ ക്ലിപ്പുകൾ, ടെലിഫിലിമുകൾ തുടങ്ങിയവ ഉൾപ്പെടുത്തി ഉർദു ഡിജിറ്റൽ ലൈബ്രറി ആരംഭിക്കുക . ഇടവേളകളിലും ദിനാചരണ സമയങ്ങളിലും പ്രർശിപ്പിക്കുക | ഒരു വർഷം | ഉർദു സബ്ജക്റ്റ് കൗൺസിൽ , പി.ടി.എ, വിദ്യാർഥികൾ | 5000 |
| 13)നോട്ടീസ് ബോർഡ് | ഉർദു ക്ലബ്ബ് വാർത്തകളും വിവരങ്ങളും, ഉർദു ഭാഷയുമായി ബന്ധപ്പെട്ട പൊതു വാർത്തകളും സ്കൂളിലെ | | ഉർദു സബ്ജക്റ്റ് കൗൺസിൽ , വിദ്യാർ | 3000 |

| | | | | |
|---|---|---|---|---|
| | എല്ലാവരിലുമെത്തിക്കാൻ നോട്ടീസ് ബോർഡ് സ്ഥാപിക്കൽ. ആവശ്യാനുസരണം വിവരങ്ങൾ പ്രദർശിപ്പിക്കുക | | ധികൾ | |
| 14)രക്ഷാകൃത്ത ബോധവത്കരണ ക്ലാസ് | ഉർദു പഠനത്തിൽ കുട്ടികളെ സഹായിക്കാനുതകും വിധം ഉർദു പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുക. ഉർദു പ്രദർശനം സംഘടിപ്പിക്കുക | ആഗസ്റ്റ് ഫെബ്രുവരി | ഉർദു സബ്ജക്ട് കൗൺസിൽ | 2000 |
| 15)ഭാഷാ പ്രചരണം, അഡ്മിഷൻ വർദ്ധിപ്പിക്കൽ | ഉർദു ഭാഷാ പ്രചരണവും സ്കൂളുകളിലേക്ക് ഉർദു പഠിക്കുന്ന കുട്ടികളേ ആകർഷിപ്പിക്കുവാനും സമീപ പ്രൈമറി സ്കൂളുകളിലും രക്ഷിതാക്കൾക്കിടയിലും ലഘുലേഖ വിതരണം നടത്തുക | ഏപ്രിൽ - മെയ് | ഉർദു സബ്ജക്ട് കൗൺസിൽ, ഉർദു ക്ലബ്ബ് പ്രവർത്തകർ | 2500 |

മേഖല : സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുന്നിൽ കുട്ടികൾ തന്നെ കാണിച്ചുകൊടുക്കാൻ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| പരിപോഷിപ്പിക്കുക | അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടു ത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമി പ്പിക്കുന്നു. പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം, ക്ലാസുകളിൽ ലഘു പ്രൊജക്റ്റ് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | | | |
| ശാസ്ത്രലോകത്തേക്ക് ചുവടുവെപ്പ് | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| ശാസ്ത്രബോധം വളർത്തുക വായനാശീലം ഉണ്ടാക്കുക. | സയൻസ് സംബന്ധമായ വാർത്തകൾ ശേഖരിച്ച് അസംബ്ലിയിൽ അവതരിപ്പിക്കൽ (ഗ്രൂപ്പ് ആയി തയ്യാറാക്കൽ) | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ. | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ | വർഷത്തിലൊരു | | സയൻസ് അധ്യാപകർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| തയ്യാറാക്കൽ. | അറിവുകൾ. ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ. | പ്രാവശ്യം | | |
| പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ -- കുട്ടി, കുട്ടി -- കുട്ടി എന്നിങ്ങനെ രണ്ടു തലത്തിൽ പരിശീലനം | ആഴ്ചയിൽ 2 ദിവസം | സയൻസ് അധ്യാപകർ | |
| ചോദ്യപേപ്പർ ശിൽപ്പശാല സംഘടിപ്പിക്കൽ. | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, ചോദ്യശേഖരം തയ്യാറാക്കൽ. | അക്കാദമിക വർഷം. | സയൻസ് അധ്യാപകർ | |
| സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ | ഔഷധസസ്യങ്ങളെയും ഔഷധസസ്യങ്ങളുടെ പ്രാധാന്യത്തെയും തിരിച്ചറിയുന്നതിനും ഔഷധത്തോട്ടം വിപുലപ്പെടുത്തൽ എല്ലാ സസ്യങ്ങൾക്കും നാമകരണം | 3 മാസം | പരിസ്ഥിതി ക്ലബ്ബ് | പി.ടി.എ |

മേഖല : സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1)പഠിതാക്കളെ ചരിത്ര ബോധമുള്ളവരാക്കുക ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു കാലം അക്കാദമിയെ വർഷം മുഴുവനായി നടത്തുന്നു.<br><br>സമൂഹശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മുടിയുടെ തയ്യാറാക്കിയ പ്രത്യേക പഠനം ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിയെ വർഷം മുഴുവനായി നടത്തുന്നു | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2)ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക പൗരബോധം മൂല്യബോധം ഇവ വളർത്തുക | സ്കൂൾ പാർലമെന്റ് പാർലമെന്റ് പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ പങ്കെടുത്ത് അടിസ്ഥാനം മനസ്സിലാക്കുക | അക്കാദമിക വർഷത്തിൽ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| 3)ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥലം നിർണ്ണയം നടത്താൻ പഠിപ്പിക്കുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു ഭൂപടവാന പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു ഗ്ലോബ് എന്നിവ നിരന്തരം ഉപയോഗത്തിലൂടെ പരിചിതമാക്കുന്നു. | അക്കാദമിയെ വർഷം മുഴുവനായി നടത്തുന്നു | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | അന്തർദേശീയ തല മുതൽ ജില്ലാതലം വരെയുള്ള നദികൾ തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് പഠനം കൂടുതൽ രസകരമാക്കുന്നു | | | |
| 4)സാമൂഹ്യശാസ്ത്രത്ത ില്‍ ഐസിടി സാധ്യതകൾ ഉൾപ്പെടുത്തുന്നത് | വെർച്ചൽ ഫീൽഡ് ട്രിപ് ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രവബോധം വളർത്തുന്നു | | | |
| 5)പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കുട്ടികളെ പ്രാപ്തമാക്കുന്നു പ്രവർത്തനം | ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ | | | |

| | | | | |
|---|---|---|---|---|
| | ബോധവാന്മാരാക്കുകയും ചെയ്യുക. | | | |
| 6)വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്ക ുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും സൈബർ കുറ്റകൃത്യം ഇതേക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | സൈബർ കുറ്റകൃത്യത്തെ കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ തീരുമാനിച്ച ദിവസങ്ങളിൽ | സോഷ്യൽ അധ്യാപകർ | |
| 7)സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങളിൽ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു | അക്കാദമിക വർഷത്തിൽ തീരുമാനിച്ച ദിവസങ്ങളിൽ | സോഷ്യൽ അധ്യാപകർ. | |
| 8)സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയനായ കാവുകൾ കാടുകൾ ജലാശയങ്ങൾ എന്നിവ സന്ദർശിച്ച് സർവ്വേ പ്രൊജക്റ്റ് ചർച്ചകൾ സംവാദം ക്ലാസ്സുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ സമൂഹവുമായി ബന്ധിപ്പിക്കുന്നു. | | | |
| 9)സാമൂഹ്യശാസ്ത്രത്ത ിൽ പരീക്ഷണ | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര | |

| | | | | |
|---|---|---|---|---|
| നിരീക്ഷണം വളർത്തുന്നു | പ്ലാനിറ്റേറിയം കാലാവസ്ഥ നിർണ്ണയ ഉപകരണം എന്നിവ സംഘടിപ്പിക്കുന്നു സ്കൂൾ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കുട്ടികളെ കൊണ്ട് പത്രം നിർമ്മിക്കുന്നു | മുഴുവൻ | അധ്യാപകർ | |

മേഖല : ഗണിതം

| പദ്ധതി | ലക്ഷ്യം | ഗുണഭോക്താക്കൾ | പ്രവർത്തന കാലാവധി | പ്രവർത്തനസമയം/ രീതി | പ്രവർത്തന ചുമതല |
|---|---|---|---|---|---|
| ഗണിതം മധുരം | ഗണിതത്തിൽ അടിസ്ഥാന ശേഷി കൈവരിക്കൽ | 8,9 ക്ലാസ്സിൽ ഗ്രൂപ്പ് 1 | രണ്ടുമാസം ജൂണ് ജുലൈ | 8,9 ക്ലാസ്സിൽ നിന്നും തെരഞ്ഞെടുത്ത ഗ്രൂപ്പ് 1 കുട്ടികൾക്കായി അടിസ്ഥാന ക്രിയകളിൽ പ്രാവീണ്യം ഉണ്ടാക്കുന്നു. ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള puzzle/game ഇവ ഉപയോഗിക്കുന്നു. എല്ലാ | ഗണിത ക്ലബ് |

| | | | | | |
|---|---|---|---|---|---|
| | | | | ദിവസവും<br>വൈകുന്നേരം<br>1 മണിക്കൂർ | |
| | ഗണിത<br>ആശയങ്ങൾ<br>ഉറപ്പിക്കൽ | 8,9,10<br>ക്ലാസ്സിലെ<br>ഗ്രൂപ്പ്<br>1,ഗ്രൂപ്പ്2 കു<br>ട്ടികൾ | വാർഷികം | ആഴ്ചയിൽ 2<br>പിരീഡ്ഓരോ<br>ക്ലാസ്സിലുംഗണിതാ<br>ധ്യാപകന്റെയും<br>ക്ലാസ്സിലെ<br>ഗ്രൂപ്പ് 1<br>കുട്ടികളുടെയും<br>നേതൃത്വത്തിൽ<br>ആശയരൂപീകര<br>ണത്തി<br>നായി മാതൃകകൾ<br>നിർ<br>മ്മിക്കുന്നു.Geogeb<br>rasoftware സഹാ<br>യത്താൽ<br>ഗണിതാശയങ്ങൾ<br>maths game-<br>puzzles-<br>geometrical chart-<br>model മ്മാണം,ഗ<br>ണിതക്വിസ്എന്നീ<br>പ്രവർ<br>ത്തനങ്ങളിലൂടെ<br>ആശയങ്ങൾ<br>ഉറപ്പിക്കൽ | ഗണി<br>താധ്യാപ<br>കൻ |
| | ഗണിതചിന്തക<br>ൾ വളർ<br>ത്തിയെടുക്കു<br>ന്നതി<br>നും അവ<br>ആഴത്തിൽ | 8,9,10<br>ക്ലാസ്സി<br>ലെഗ്രൂപ്പ്3<br>വിഭാഗം | വാർഷികം | 8,9,10 ക്ലാസ്സിലെ<br>ഗ്രൂപ്പ് 3<br>വിഭാഗത്തിൽ<br>പ്പെട്ടകുട്ടികൾക്ക്<br>ദിവസവും<br>ക്ലാസ്സ്.പാഠഭാഗവു | ഗണിത<br>ക്ലബ് |

| | | | | | |
|---|---|---|---|---|---|
| | മനസ്സിലാക്കുന്നതിനും | | | മായി ബന്ധപ്പെട്ട് ഉയർന്ന നിലവാരമുള്ളചോദ്യങ്ങളെ പരിചയപ്പെടുത്തൽ,ഗണിത പ്രോജക്ടുകൾ തയ്യാറാക്കലഗണിതശാസ്ത്ര മേളയിലേക്കുള്ളതയ്യാറെടുപ്പുൾ,maths ഒളിമ്പ്യാസിനെ പരിചയപ്പെടല ്,വിദഗക്ലാസ്സുകൾ | |
| | 10thclass ഗണിതത്തിൽ പിന്നോക്കം നിൽകൂന്നവർക്ക് പ്രതേക പ്രവർത്തനം | 10 ൽ ഗ്രൂപ്പ് 2 ഉൾപ്പെട്ടവർ | വാർഷീകം | പ്രതേക worksheet തയ്യാറാക്കി ദിവസവും 1 മണിക്കൂർ ക്ലാസ്സ് | ഗണിതാധ്യാപകൻ |

## മേഖല : ഫിസിക്കൽ എജുക്കേഷൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)അക്കാദമികം | 1. എല്ലാ കുട്ടികൾക്കും | ജൂൺ | കായികാധ്യാ | പിടിഎ |

| | | | | |
|---|---|---|---|---|
| | പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ നേടാൻ കഴിയുക.<br>2. കായിക ക്ഷമത പ്രവർത്തനങ്ങൾ ഫലപ്രദമായി എല്ലാ ക്ലാസ്സുകളും നടപ്പാക്കുന്ന അനുബന്ധിച്ച് അനുവദിച്ച പീരീഡ് അപര്യാപ്തമാണ്.<br>3. വൈവിധ്യമാർന്ന കായിക പ്രവർത്തനങ്ങളിൽ പരിശീലിപ്പിക്കുവാൻ വേണ്ടത്ര അധ്യാപകർ ഇല്ല.<br>4. കായിക വിദ്യാഭ്യാസത്തിൻറെ പ്രാധാന്യം വിദ്യാർത്ഥികളും രക്ഷിതാക്കളും സമൂഹവും പൂർണമായി തിരിച്ചറിഞ്ഞിട്ടില്ല.<br>5. ഓരോ കുട്ടിക്കും ആവശ്യമായ പോഷക ആഹാരം നിർണയിക്കുന്നതിന് ഡയറ്റീഷ്യൻ സേവനം ലഭിക്കുന്നില്ല. | മുതൽ മാർച്ച് വരെ | പകൻ എസ് ആർ ജി കമ്മിറ്റി പിടിഎ കമ്മിറ്റി | കമ്മിറ്റി എസ് ആർ ജി സ്പോർട്സ് ക്ലബ് |
| 2)ഭൗതികം | 11. പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന കായിക വിദ്യാഭ്യാസം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് | മെയ് മുതൽ ഫെബ്രുവരി വരെ | കായികാധ്യാപകൻ എസ് ആർ ജി കമ്മിറ്റി പിടിഎ | പിടിഎ കമ്മിറ്റി എസ് ആർ ജി സ്പോർട് |

| | | | | |
|---|---|---|---|---|
| | ആവശ്യമായ സൗകര്യം ഇല്ല ഉദാഹരണം ഇൻഡോർ സ്റ്റേഡിയം സിമ്മിംഗ് പൂൾ തുടങ്ങിയവർകുട്ടികൾക്ക് കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് മുമ്പും ശേഷവും വസ്ത്രം മാറുന്നതിനും ശരീരം ശുദ്ധമാക്കുന്നതിനും പലയിടത്തും സൗകര്യങ്ങൾ ഇല്ല.<br>12. പോഷകാഹാരം കുട്ടികളുടെ ആവശ്യം പരിഗണിച്ച് ലഭ്യമാകുന്നില്ല.<br>13. കായിക പഠനത്തിന് ആവശ്യമായ കായിക ഉപകരണങ്ങൾ ഇല്ല. | | കമ്മിറ്റി | സ് ക്ലബ് |
| 3)സാമൂഹികം | 1. നമ്മുടെ പ്രദേശത്തെ കായിക പ്രതിഭകളുടെ സേവനം വിദ്യാലയത്തിൽ ലഭ്യമാകുന്നില്ല.<br>2. പ്രാഥമിക വിദ്യാലയങ്ങളിൽ കായിക വിദ്യാഭ്യാസത്തിൻറെ പ്രാധാന്യം സംബന്ധിച്ച് എത്തിക്കുന്നതിനുള്ള പരിപാടികൾ ഇല്ല. | ജൂൺ മുതൽ ഫെബ്രുവരി വരെ | കായികാധ്യാപകൻ എസ് ആർ ജി കമ്മിറ്റി പിടിഎ കമ്മിറ്റി | പിടിഎ കമ്മിറ്റി എസ് ആർ ജി സ്പോർട്സ് ക്ലബ് |

| | | | | |
|---|---|---|---|---|
| | **കാരണങ്ങൾ-കുട്ടികൾ**<br>1. കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ പെൺകുട്ടികൾ പൊതുവേ വിമുഖത കാണിക്കുന്നു.<br>2. മറ്റു വിഷയങ്ങളുടെ പ്രാധാന്യം കുട്ടികൾ കായിക പഠനത്തിന് നൽകുന്നില്ല.<br>**കാരണങ്ങൾ-അധ്യാപകർ**<br>1. മുൻ അനുഭവം ഇല്ലാത്ത കുട്ടികളെ പരിശീലിപ്പിക്കുന്നതിനുള്ള പ്രയാസം<br>2. എല്ലാ മേഖലകളിലും പരിശീലനം നൽകാൻ സാധിക്കുന്നില്ല<br>**കാരണങ്ങൾ-രക്ഷിതാവ്**<br>1. കുട്ടികളെ കാര്യ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുകയും പലർക്കും താല്പര്യമില്ല | | | |
| 4)സംവിധാനം | 14. കായിക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര സൗകര്യമില്ല<br>ഓരോ സ്കൂളിലും കായികാധ്യാപകരില്ല എല്ലാ സ്കൂളുകളിലും നിർബന്ധമായും ഉണ്ടാവേണ്ടത് ആണ്. | മെയ് മുതൽ ഫെബ്രുവരി വരെ | കായികാധ്യാപകൻ എസ് ആർ ജി കമ്മിറ്റി പിടിഎ കമ്മിറ്റി | പിടിഎ കമ്മിറ്റി എസ് ആർ ജി സ്പോർട്സ് ക്ലബ് |
| 5)പരിഹാരം | 1. കായിക സമിതിയുടെ | മെയ് | കായികാധ്യാ | പിടിഎ |

| | | | | |
|---|---|---|---|---|
| | പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുക<br>2. എല്ലാവിധ കായിക പഠനം ഉള്ള സൗകര്യം ഒരുക്കുക<br>3. എല്ലാ കുട്ടികൾക്കും നീന്തൽ പഠനം ഉറപ്പാക്കുക<br>4. എൽ പി, യു പി ക്ലാസുകളിൽ കായിക പഠനത്തിന് അവസരം വേണ്ട സൗകര്യമൊരുക്കുക<br>5. ബോധവൽക്കരണം നടത്തുക പ്രവർത്തനം ടാലൻറ് സെർച്ച് പദ്ധതി ബോധവൽക്കരണം<br>6. എല്ലാ എൽ പി യുപിഎച്ച്എസ് അധ്യാപകരെ നിയമിക്കുക<br>7. പ്രാദേശിക കായിക പരിശീല പ്രതിഭകളുടെയും സേവന ഉറപ്പാക്കുക | മുതൽ ഫെബ്രുവരി വരെ | പകൻ എസ് ആർ ജി കമ്മിറ്റി പിടിഎ കമ്മിറ്റി | കമ്മിറ്റി എസ് ആർ ജി സ്പോർട്സ് ക്ലബ് |
| 6)വിശകലനം | 1. ടാലെന്റ്റ് സെർച്ച്-ലക്ഷ്യം<br>2. കായിക പഠനത്തിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി അനുഭവങ്ങൾ നൽകുന്നത്<br>3. നിശ്ചിതമേഖലയിൽ കുട്ടികളുടെ ശേഷി അറിയാനുള്ള | ജൂൺ മുതൽ ഫെബ്രുവരി വരെ | കായികാധ്യാപകൻ എസ് ആർ ജി കമ്മിറ്റി പിടിഎ കമ്മിറ്റി | പിടിഎ കമ്മിറ്റി എസ് ആർ ജി സ്പോർട്സ് ക്ലബ് |

| | | | | |
|---|---|---|---|---|
| | പ്രവർത്തനം<br>4. കായിക സമിതി രൂപീകരിച്ച ചുമതല നൽകുന്നു<br>5. ഇത് അവധിക്കാലം മെയ് മാസത്തിൽ ആരംഭിക്കുന്നു | | | |
| 7)കായിക ശില്പശാല | 1. കായിക പഠനത്തിൻറെ പ്രാധാന്യം ലക്ഷ്യം സാധ്യത എന്നിവ കുട്ടികളെയും രക്ഷിതാക്കളെയും ബോധ്യപ്പെടുത്തുക<br>2. ശില്പശാല സൂക്ഷ്മ ആസൂത്രണം<br>3. കായിക സമിതി ഏൽപ്പിക്കുക | ജൂൺ മാസം | കായികാധ്യാപകൻ എസ് ആർ ജി കമ്മിറ്റി പിടിഎ കമ്മിറ്റി | പിടിഎ കമ്മിറ്റി എസ് ആർ ജി സ്പോർട്സ് ക്ലബ് |